"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകപ്പ് - കണ്ണൂർ മൊകേരി രാജീവ്ഗാന്ധി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം ഇംഗ്ളീഷ് അധ്യാപകൻ ശ്രീ ശരത് ചന്ദ്ര.പി സമർപ്പിച്ച പുനഃപരിശോധാ ഹർജി - അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി, ശ്രീ രഞ്ജൻരാജിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.**4579/2025/GEDN** തീയതി,തിരുവനന്തപുരം, **10-07-2025**

---

പരാമർശം:- 1. സ.ഉ(സാധാ)നം **8434/2024/GEDN** തീയതി **29/11/2024**

2. ശ്രീ.ശരത്ചന്ദ്ര.പി സമർപ്പിച്ച **06/12/2024** ലെ പുനഃപരിശോധനാ ഹർജി

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **28/02/2025** ലെ ഡി.ജി.ഇ/**17222/2023** -വി.ബി **1** നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ മൊകേരി രാജീവ്ഗാന്ധി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം ഇംഗ്ളീഷ് അധ്യാപകൻ ശ്രീ.ശരത് ചന്ദ്ര.പി തന്റെ **03/06/2013** മുതൽ **29/01/2016** വരെയുള്ള കുടിശ്ശിക ശമ്പളം യഥാസമയം പി.എഫ് ൽ ലയിപ്പിക്കുന്നതിൽ അനാസ്ഥ കാണിച്ച പ്രധാനാധ്യാപകനും ക്ളർക്കുമാർക്കുമെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും തനിക്കുണ്ടായ സാമ്പത്തിക നഷ്ടം അവരിൽ നിന്നും ഈടാക്കണമെന്നും ആവശ്യപ്പെട്ട് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)10767/2024** ലെ ഇടക്കാല വിധിന്യായത്തിൽ, പ്രസ്തുത സ്കൂളിലെ പ്രഥമാധ്യാപകനായിരുന്ന ശ്രീ.സി.പി.സുധീന്ദ്രൻ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **04/02/2023** ലെ ഉത്തരവിനെതിരെ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി നാല്മാസത്തിനകം തീർപ്പാക്കുന്നതിന് ഉത്തരവായിരുന്നു

**2)** അപ്രകാരം പൊതു വിദ്യാഭ്യാസ ഡി.എ വകുപ്പ് അണ്ടർ സെക്രട്ടറി **15/10/2024** ന് ശ്രീ.ശരത് ചന്ദ്ര, പ്രഥമാധ്യാപകൻ, ക്ളർക്കുമാർ,കണ്ണൂർ

വിദ്യാഭ്യാസ ഉപ ഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ ഓൺലൈൻ മുഖേന നേരിൽ കേൾക്കുകയും പരാമർശം (1) ഉത്തരവ് പ്രകാരം രാജീവ് ഗാന്ധി മോമ്മോറിയൽ ഹയർസെക്കണ്ടറി സ്കൂളിലെ പ്രധാനാദ്ധ്യാപകനായ ശ്രീ. സി.പി സുധീന്ദ്രൻ സമർപ്പിച്ച Ex R6 (d) റിവിഷൻ പെറ്റിഷൻ അനുവദിച്ചുകൊണ്ടും പ്രധാനാദ്ധ്യാപകനായ ശ്രീ. സി.പി.സുധീന്ദ്രനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർ നടപടികൾ WP(C)24184/2024 ലെ സ്റ്റേ നീങ്ങുന്ന മുറയ്ക്ക് അവസാനിപ്പിക്കുവാൻ പൊതു വിദ്യഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവായിരുന്നു. കൂടാതെ മേൽ ഉത്തരവ് പ്രകാരം 04/02/2023 ലെ ഉത്തരവ് പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും അല്ലാത്തപക്ഷം അച്ചടക്ക നടപടി ഡിപ്പാർട്മെന്റ് തലത്തിൽ തന്നെ സ്വീകരിക്കണമെന്നും, പ്രധാനാദ്ധ്യാപകന്റെയും ക്ലർക്കുമാരുടെയും വീഴ്ചകൊണ്ട് പലിശയിനത്തിൽ തനിക്ക് നഷ്ടപെട്ട തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കിത്തരണമെന്നുമുള്ള ശ്രീ ശരത് ചന്ദ്രപി.യുടെ അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു.

3) പരാമർശം (1) ഉത്തരവിനെതിരെ ശ്രീ ശരത്ചന്ദ്ര സർക്കാരിൽ പരാമർശം (2) പുനഃപരിശോധനാ ഹർജി സമർപ്പിച്ചിരുന്നു. ടിയാന്റെ പുനഃപരിശോധനാ അപേക്ഷയിലെ കാര്യങ്ങൾ എല്ലാം തന്നെ ഹിയറിംഗ് വേളയിൽ ചർച്ച ചെയ്തിരുന്നതാണെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുടിശ്ശിക തുക പി.എഫിൽ ലയിപ്പിക്കുന്നതിൽ വന്ന കാലതാമസം സംബന്ധിച്ച്, അന്വേഷണ റിപ്പോർട്ടിൽ ചില അവ്യക്തതകൾ കാണുന്നതിനാൽ ഈ വിഷയത്തിൽ വിശദമായ ഒരു അന്വേഷണം സർക്കാർ തലത്തിൽ നടത്തി 3 ആഴ്ചക്കകം, ശിപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിൻറ് സെക്രട്ടറി ശ്രീ.രഞ്ജൻ രാജിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു ആർ ആർ

**#ApprovedByDesignation#**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ രഞ്ജൻ രാജ്, ജോയിൻറ് സെക്രട്ടറി,പൊതു വിദ്യാഭ്യാസ വകുപ്പ്
ശ്രീ ശരത് ചന്ദ്ര പി, എച്ച്.എസ്.എസ്.റ്റി ഇംഗ്ളീഷ്,രാജീവ്ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസ് മൊകേരി
അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് പകർപ്പ് ( **DA3/11/25**)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 10-07-2025 12:40:55

പകർപ്പ്: ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്